ALL INDIA RADIO, THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE : 07.02.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. ജനക്ഷേമത്തിനും വരുമാന വർധനയ്ക്കും ഊന്നൽ നൽകി 2025-26 വർഷത്തെ കേരള ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു. സാമ്പത്തിക പ്രതിസന്ധി അതിജീവിച്ച് സംസ്ഥാനം മെച്ചപ്പെട്ട ധനസ്ഥിതിയിലേക്ക് എത്തിയതായി ധനമന്ത്രി.

**Finance Minister K.N. Balagopal presented the Kerala budget for 2025-26 in the assembly with an emphasis on people's welfare and revenue growth. The Finance Minister said that the state has overcome the economic crisis and has reached a better financial position.**

2. വയനാട് പുനരധിവാസത്തിനായി 750 കോടി രൂപ വകയിരുത്തി. വിഴിഞ്ഞത്തെ പ്രധാന ട്രാൻസ്ഷിപ്മെന്റ് തുറമുഖമാക്കും. ജീവനക്കാർക്കും, പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമബത്ത കൂടി.

**Rs 750 crore has been allocated for the rehabilitation of Wayanad. Vizhinjam will be made a major transshipment port. One installment of famine allowance will be given to employees and pensioners.**

3. ലൈഫ് പദ്ധതിയിലൂടെ ഒരു ലക്ഷം വീടുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കും. വനം - വന്യജീവി മേഖലയുടെ സമഗ്ര വികസനത്തിനും ആരോഗ്യ മേഖലയ്ക്കും ബജറ്റിൽ പരിഗണന.

**One lakh houses will be completed in the next financial year through the LIFE project. Consideration in the budget for the comprehensive development of the forest and**

wildlife sector and the health sector

4. ബദൽ വിഭവസമാഹരണത്തിലൂടെ കേരളം അതിജീവിക്കും എന്നതിന്റെ തെളിവുരേഖയാണ് ബജറ്റെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കേരളത്തെ ദുരിതത്തിലേക്ക് തള്ളിവിടുന്ന ബജറ്റെന്ന് കോൺഗ്രസ്. സാമ്പത്തിക പ്രതിസന്ധിയെ അഭിസംബോധന ചെയ്യുന്നില്ലെന്ന് ബിജെപി.

Chief Minister Pinarayi Vijayan said that the budget is a proof that Kerala will survive through alternative resource mobilization. Congress says budget will push Kerala into misery. BJP says it is not addressing the economic crisis

5. യു.എസിൽ നിന്നും ഇന്ത്യൻ പൗരന്മാരെ വിലങ്ങുവച്ച് കൊണ്ടുവന്നതുമായി ബന്ധപ്പെട്ട് അമേരിക്കയോട് ആശങ്ക അറിയിച്ച് വിദേശകാര്യ മന്ത്രാലയം.

Ministry of External Affairs expresses concern to US over the deportation of Indian citizens from the US.

6. ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നാളെ.

Counting of votes for Delhi Assembly elections tomorrow.

*********************************************

## BUDGET GENERAL

ജനക്ഷേമ പ്രഖ്യാപനങ്ങളും, വരുമാന വർദ്ധനയ്ക്കുള്ള മാർഗ്ഗങ്ങളും ഉൾപ്പെടുത്തി 2025-26 വർഷത്തെ കേരള ബജറ്റ് ധനമന്ത്രി കെ.എൻ ബാലഗോപാൽ നിയമസഭയിൽ അവതരിപ്പിച്ചു. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധികളെ അതിജീവിച്ച് സംസ്ഥാനം മെച്ചപ്പെട്ട ധനസ്ഥിതിയിലേക്ക് എത്തിയതായി ധനമന്ത്രി വ്യക്തമാക്കി. അതിവേഗ വളർച്ചയുടെ പാതയിലാണ് കേരളത്തിൻറെ സമ്പദ് വ്യവസ്ഥ. രണ്ടാം പിണറായി വിജയൻ സർക്കാരിൻറെ അവസാന

സമ്പൂർണ ബജറ്റാണ് ധനമന്ത്രി ഇന്ന് നിയമസഭയിൽ അവതരിപ്പിച്ചത്.

****************************************

## STATE BUDGET – DA (INTRO)

ഒരു ഗഡു ക്ഷാമബത്ത കൂടി ജീവനക്കാർക്കും, പെൻഷൻകാർക്കും ഏപ്രിൽ മാസത്തിൽ അനുവദിക്കുമെന്ന് ധനമന്ത്രി അറിയിച്ചു. ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശികയുടെ രണ്ട് ഗഡു ഈ സാമ്പത്തിക വർഷം തന്നെ വിതരണം ചെയ്യും.

(ഹോൾഡ് വോയ്സ്)

കേന്ദ്ര സർക്കാരിൻറെ യു.പി.എസ് മാതൃകയിൽ സംസ്ഥാന ജീവനക്കാർക്കായി അഷ്വേർഡ് പെൻഷൻ പദ്ധതി നടപ്പാക്കും. ദിവസ വേതനക്കാരുടെയും കരാർ ജീവനക്കാരുടെയും വേതനം 5 ശതമാനം വർദ്ധിപ്പിക്കുമെന്നും ധനമന്ത്രി അറിയിച്ചു.

****************************************

## WAYANAD BUDGET

വയനാട് പുനരധിവാസത്തിനായി സംസ്ഥാന ബജറ്റിൽ 750 കോടി രൂപ വകയിരുത്തി. പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കും. ഉരുൾപൊട്ടലിൽ 1,202 കോടിയുടെ നാശനഷ്ടം ഉണ്ടായതായാണ് സംസ്ഥാന സർക്കാരിന്റെ കണക്കുകൾ.

****************************************

## VIZHINJAM

വിഴിഞ്ഞത്തെ പ്രധാന ട്രാൻസ്ഷിപ്മെന്റ് തുറമുഖമാക്കുമെന്ന് ധനമന്ത്രി പറഞ്ഞു. വിഴിഞ്ഞം

തുറമുഖത്തിന് കിഫ്ബിയിൽ നിന്ന് 1,000 കോടി രൂപ അനുവദിച്ചു. പ്രധാന വ്യവസായ ഇടനാഴിയും കയറ്റുമതിയുടെയും ഇറക്കുമതിയുടെയും പ്രധാന കേന്ദ്രമായും വിഴിഞ്ഞത്തെ വളർത്തും. കോവളം ബേക്കൽ ഉൾനാടൻ ജല ഗതാഗത ഇടനാഴി സൃഷ്ടിക്കും. ഉൾനാടൻ ജലഗതാഗത വികസനത്തിന് കിഫ്ബി 500 കോടി നൽകും. ദേശീയപാത 66, പുതിയ ഗ്രീൻ ഫീൽഡ് ദേശീയപാത എന്നിവ വിഴിഞ്ഞം വികസന പദ്ധതിയുടെ ഭാഗമായി നിർമ്മിക്കും.

****************************************

## FOREST – WILDLIFE .. INTRO

വനം -വന്യജീവി മേഖലയുടെ സമഗ്ര വികസനത്തിനായി 305.61 കോടി രൂപ അനുവദിച്ചു. വന്യജീവി ആക്രമണങ്ങൾ ഇല്ലാതാക്കാൻ 25 കോടി രൂപയും, വനസംരക്ഷണ പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനും, അടിസ്ഥാന സൗകര്യ വികസനത്തിനുമായി 50.3 കോടി രൂപയും വകയിരുത്തി.

(ഹോൾഡ് വോയ്സ്)

****************************************

## BUDGET – INFRASTRUCTURE

തിരുവനന്തപുരം മെട്രോയുടെ പ്രാരംഭ നടപടികൾ ഈ വർഷം തന്നെ ആരംഭിക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു. കൊച്ചി മെട്രോയുടെ വികസനം ഉറപ്പുവരുത്തുന്നതിനൊപ്പം കോഴിക്കോട് മെട്രോയും യാഥാർഥ്യമാക്കുമെന്നും ബജറ്റിൽ പ്രഖ്യാപനമുണ്ട്. കൊച്ചിയും, കോഴിക്കോടും, തിരുവനന്തപുരവും കേന്ദ്രീകരിച്ച് നഗര

വികസനത്തിന് മെട്രോ പൊളിറ്റൻ കമ്മിറ്റികൾ രൂപീകരിക്കും. പൊതുമരാമത്ത് റോഡുകൾ, പാലങ്ങൾ എന്നിവയ്ക്കായി 3,061 **കോടി** രൂപ വകയിരുത്തി. വിഴിഞ്ഞം - കൊല്ലം - പുനലൂർ ത്രികോണ വികസന പദ്ധതി ആവിഷ്കരിക്കും. സംസ്ഥാനത്ത് ആറുവരി ദേശീയപാതയുടെ നിർമാണം ഈ വർഷം പൂർത്തിയാകും. തീരദേശ പാതയും മലയോരപാതയും പൂർത്തിയാക്കും. തിരുവനന്തപുരം ഔട്ടർ ഏര്യാ ഗ്രോത്ത് കൊറിഡോർ രൂപീകരിക്കും. സംസ്ഥാനത്ത് പുതിയ ഐ.ടി നയം അന്തിമഘട്ടത്തിലാണെന്നും ധനമന്ത്രി പറഞ്ഞു. കൊല്ലത്തും, കൊട്ടാരക്കരയിലും, കണ്ണൂരിലും ഐ.ടി. പാർക്കുകൾ ആരംഭിക്കും. പൊതുമേഖല സ്ഥാപനങ്ങൾക്കായി 15,980 കോടി രൂപയും ബജറ്റിൽ വകയിരുത്തി. ശബരിമല തീർത്ഥാടന കേന്ദ്രത്തിന്റെ വികസനത്തിനായി 1033 കോടി രൂപയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുമെന്നും ധനമന്ത്രി അറിയിച്ചു.

****************************************

## BUDGET KERALA ECONOMY

തനത് നികുതി വർധനയുടെ ഫലമായാണ് കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെട്ടതെന്ന് ധനമന്ത്രി പറഞ്ഞു. ധനക്കമ്മി 2.9 ശതമാനമായും റവന്യൂ കമ്മി 1.58 ശതമാനമായും കുറക്കാൻ സാധിച്ചു. പൊതുകടം കുറയ്ക്കാനും, തനത് വരുമാനം വർദ്ധിപ്പിക്കാനും സർക്കാരിന് സാധിച്ചു. 1,52,351 കോടി രൂപയുടെ റവന്യൂ വരുമാനവും, 1,79,476 കോടിയുടെ ചെലവുമാണ് സംസ്ഥാനം അടുത്ത സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്നത്.

****************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

***************************************

## BUDGET – SPECIAL PROGRAMME

സംസ്ഥാന ബജറ്റുമായി ബന്ധപ്പെട്ട് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടി വാർത്തകൾക്ക് ശേഷം കേൾക്കാം.

***************************************

## EDUCATION

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്ക് 402 കോടി രൂപയും യൂണിഫോം പദ്ധതിയ്ക്ക് 150.34 കോടിയും ബജറ്റിൽ അനുവദിച്ചു. ഉന്നത വിദ്യാഭ്യാസ രംഗത്ത് 7 മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കും. എ ഐ വികസനത്തിന് ഹാക്കത്തോൺ നടത്തും. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗവേഷണം നടത്തുന്ന വിദ്യാർത്ഥികൾക്കായി CM - RESEARCHERS SCHOLARSHIP പദ്ധതിയും പ്രഖ്യാപിച്ചു.

***************************************

## AGRICULTURE

കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി ബജറ്റിൽ 227.40 കോടി രൂപ വകയിരുത്തി. ക്ഷീര വികസനം, കേര പദ്ധതി, നാളികേര വികസനം എന്നിവയ്ക്കായും തുക അനുവദിച്ചു. മത്സ്യമേഖലയ്ക്ക് 295 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പച്ചക്കറി വികസനത്തിനും സുഗന്ധ വ്യഞ്ജന മേഖലയ്ക്കും തുക അനുവദിച്ചു.

**************************************

## BUDGET MISC… INTRO

ലൈഫ് പദ്ധതിയിലൂടെ ഒരു ലക്ഷം വീടുകൾ അടുത്ത സാമ്പത്തിക വർഷത്തിൽ പൂർത്തിയാക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു. ഈ സർക്കാരിൻറെ കാലത്ത് 10,000 പുതിയ തസ്തികകൾ സംസ്ഥാനത്ത് സൃഷ്ടിച്ചതായും, പി.എസ്.സി വഴി 8293 പേർക്ക് നിയമനം നൽകിയതായും ധനമന്ത്രി പറഞ്ഞു. **വിശദാംശങ്ങളിലേക്ക്…**

(വോയ്സ്)

കോടതി ഫീസുകൾ പരിഷ്ക്കരിക്കുമെന്നും ഇതിലൂടെ 150 കോടി രൂപയുടെ അധിക വരുമാനം പ്രതീക്ഷിക്കുന്നതായും ധനമന്ത്രി വ്യക്തമാക്കി. ഭൂനികുതി സ്ലാബുകളിലെ നിരക്കുകൾ 50 ശതമാനം വർധിപ്പിച്ചു. സർക്കാർ ഭൂമിയുടെ പാട്ട തുകയും വർധിപ്പിച്ചിട്ടുണ്ട്. 15 വർഷം കഴിഞ്ഞ സ്വകാര്യ വാഹനങ്ങളുടെ നികുതി 50 ശതമാനംകൂട്ടി. വൈദ്യുത വാഹനങ്ങളുടെ നികുതിയും വർദ്ധിപ്പിച്ചിട്ടുണ്ട്. 2025 - 26 വർഷത്തിൽ ആരോഗ്യമേഖലയ്ക്ക് 10,431 കോടി രൂപ നീക്കി വച്ചതായി ധനമന്ത്രി അറിയിച്ചു. കാരുണ്യ പദ്ധതിക്കായി ആദ്യ ഘട്ടത്തിൽ 700 കോടി രൂപ നീക്കി വച്ചു. കേരളത്തെ ഹെൽത്ത് ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് 50 കോടി രൂപ വകയിരുത്തി. വയോജന പരിപാലനത്തിനായി 50 കോടി രൂപയും നീക്കിവച്ചു. സീ പ്ലെയിൻ ടൂറിസം, ഹെലി പാഡ് പദ്ധതിക്കായി 20 കോടി രൂപ നീക്കിവച്ചതായും മന്ത്രി പറഞ്ഞു. **ന്യൂസ് ഡസ്ക്, ആകാശവാണി.**

**************************************

## BUDGET CM REACTION

ബദൽ വിഭവസമാഹരണത്തിൻറെ വഴികൾ കണ്ടെത്തി കേരളം അതിജീവിക്കും എന്നതിന്റെ തെളിവുരേഖയാണ് ബജറ്റെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തെ ദുരിതത്തിലേക്ക് തള്ളിവിടുന്ന ബജറ്റാണിതെന്നും, സർക്കാരിൻറെ ബാധ്യത തീർക്കാനുള്ള തുക പോലും ബജറ്റിൽ വകയിരുത്തിയിട്ടില്ലെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ വിമർശനം ഉന്നയിച്ചു. ബജറ്റ് കേരളത്തെ നിരാശയിലാക്കുന്നതാണെന്നും, സാമ്പത്തികപ്രതിസന്ധിയെ അഭിസംബോധന ചെയ്യുന്നില്ലെന്നും ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ വിമർശിച്ചു.

*******************************************

## DELHI COUNTING

ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ നാളെ. ഒരുക്കങ്ങൾ പൂർത്തിയായതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. വോട്ടെണ്ണലിനായി ഡൽഹിയിലെ 11 ജില്ലകളിലായി 19 വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഈ മാസം അഞ്ചിനാണ് ഡൽഹിയിലെ 70 അംഗ നിയമസഭയിലേക്ക് വോട്ടെടുപ്പ് നടന്നത്. വോട്ടെടുപ്പിൽ 60.42 ശതമാനം പോളിംഗ് രേഖപ്പെടുത്തി.

*******************************************

## AMERICA – MEA

യു.എസിൽ നിന്നും ഇന്ത്യൻ പൗരന്മാരെ വിലങ്ങണിയിച്ചു കൊണ്ടുവന്നതുമായി ബന്ധപ്പെട്ട് അമേരിക്കയോട് ആശങ്ക അറിയിച്ചതായി വിദേശകാര്യ മന്ത്രാലയം. പ്രധാനമന്ത്രി നരേന്ദ്രമോദി ഈ മാസം 10 മുതൽ 12 വരെ ഫ്രാൻസും 12, 13 തീയതികളിൽ അമേരിക്കയും സന്ദർശിക്കുമെന്നും വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി പറഞ്ഞു. പാരിസിൽ

നടക്കുന്ന നിർമിതബുദ്ധി ഉച്ചകോടിയിൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മാക്രോയ്ക്കൊപ്പം ശ്രീ. മോദി അധ്യക്ഷത വഹിക്കും.

****************************************

## RBI MONETARY POLICY

കേന്ദ്രബജറ്റിൽ പ്രഖ്യാപിച്ച ഒരു ലക്ഷം കോടിയുടെ നികുതി ഇളവ് പണപ്പെരുപ്പത്തിൽ നിർണായക മാറ്റമുണ്ടാക്കില്ലെന്ന് റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര. റിപ്പോ നിരക്ക് 6.5 ശതമാനത്തിൽ നിന്ന് 6.25 ശതമാനമായി കുറയ്ക്കാനുള്ള പണനയ അവലോകന സമിതിയുടെ തീരുമാനത്തിന് ശേഷം മാധ്യമപ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

****************************************

## REV. LS– BUDGET DISCUSSION

ഈ സാമ്പത്തിക വർഷത്തെ ബജറ്റ് സംബന്ധിച്ച ചർച്ച ഇന്ന് ലോക്സഭയിൽ നടന്നു. രാജ്യത്തെ കാർഷിക പ്രശ്നങ്ങൾ, എംഎസ്എംഇ മേഖല എന്നിവ ചർച്ച ചെയ്യുന്നതിൽ ബജറ്റ് പരാജയപ്പെട്ടതായി കോൺഗ്രസിലെ ധരംവീർ ഗാന്ധി ആരോപിച്ചു . കർഷകർക്ക് ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ലെന്ന് ബജറ്റിനെ വിമർശിച്ചുകൊണ്ട് സമാജ്‌വാദി പാർട്ടിയിലെ ശിവ് പാൽ സിങ് പറഞ്ഞു. പാചകവാതകത്തിൻറെ വില കൂട്ടിയതിനെക്കുറിച്ച് പ്രശ്നമുന്നയിച്ച ടിഎംസി യിലെ അഭിഷേക് ബാനർജി, കേന്ദ്രബജറ്റിൽ പശ്ചിമ ബംഗാളിന് കാര്യമായൊന്നും നൽകിയില്ലെന്നും ചൂണ്ടിക്കാട്ടി. പാവപ്പെട്ടവരുടെയും കർഷകരുടെയും സ്ത്രീകളുടെയും താല്പര്യങ്ങൾ പരിഗണിക്കുന്ന ബജറ്റാണെന്ന് ബിജെപി യിലെ റാവു രാജേന്ദ്രസിംഗ് പറഞ്ഞു.